# ആവണി

ചാമരം വീശിയെത്തുന്നു ശ്രാവണം,
ചാരുതയാർന്നൊരു ശലഭമായി;
മഞ്ജീരശിഞ്ചിലം തൂകി വന്നെത്തിയ,
ഋതുവിന്റെ ചുണ്ടിലൊ മന്ദഹാസം.

ഗായത്രീ ചൊല്ലുന്നു കുയിലിന്റെ മന്ത്രണം,
ബ്രഹ്മ മുഹൂർത്തത്തിൽ തുയിലുണർത്ത്;
ഭൂപാളം മൂളുമെൻ മാനസം തന്നിലെ,
മാസ്മര തന്ത്രിയിൽ ആന്ദോളനം.

കൊയ്തുകഴിഞ്ഞൊരു ചെമ്പകപാടത്ത്,
മേയുന്നു കാലികൾ അലസമായി;
തുമ്പയും, തെറ്റിയും, പൂക്കുന്ന തൊടികളിൽ,
തുള്ളാട്ടം തുള്ളുന്നു പൂത്തുമ്പികൾ.

നെയ്ത്തിരി കൊളുത്തിയ താരകങ്ങൾ,
നർത്തനമാടും ശ്യാമാങ്കണത്തിൽ;
കൃഷ്ണപക്ഷം കഴിഞ്ഞെത്തുന്ന പൂർണ്ണേന്ദു,
സുസ്മേര വദനയായ് കാത്തു നിന്നു.

പൂവിളിയുണരുന്ന നദിയോരത്ത്,
ചിന്തുകൾ പാടുന്ന ചിറ്റോളങ്ങൾ;
വർണ്ണച്ചിറകു വിരിച്ചു വാനം,
പൊന്നോണത്തേരിൽ ഇറങ്ങിവന്നു.

പുളിയിലക്കരമുണ്ടു ഞൊറുഞ്ഞുടുത്ത്,
ശാലീനയായവളൊരുങ്ങിനിന്നു;
അത്തപ്പൂക്കളം തീർക്കുന്നു ജനനി,
മാനവൻ നെയ്യുന്ന സ്വപ്നങ്ങൾ പോൽ.

കുട്ടിക്കുപ്പായമിട്ടോടുന്ന ബാല്യമെൻ,
ചിത്തത്തിൽ തീർക്കുന്നു മറ്റൊരോണം;
മദ്ധ്യാഹ്നം കഴിഞ്ഞൊരീയിടനാഴിയിൽ,
കേൾക്കുന്നു ഞാനതിൻ കാലൊച്ചയിന്നും,
ആ കാലൊച്ചയിന്നും.